**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.256 — 03.02.2020 ൽ മറുപടിക്ക്

## പെരുവള്ളൂർ സി.എച്ച്.സി.

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | പെരുവള്ളൂർ സി.എച്ച്.സി.യിൽ കിടത്തി ചികിത്സയ്ക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ), (ബി) & (സി) | തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പെരുവള്ളൂർ സി.എച്ച്.സിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തസ്തികകൾ സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം ബഹു.എം.എൽ.എ മുഖേന ലഭിച്ചിട്ടുണ്ട്.<br>നിലവിൽ ബ്ലോക്ക് തല സി.എച്ച്.സികളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പെരുവള്ളൂർ സി.എച്ച്.സി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുന്ന ഘട്ടത്തിൽ ഇവിടുത്തെ കുറവുകൾ പരിഹരിക്കുവാൻ സാധിക്കുന്നതാണെന്ന് ബഹു.എം.എൽ.എയ്ക്ക് മറുപടി നൽകി ഫയൽ തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 04.01.2020 തീയതിയായി എം1/95/2019 നമ്പർ ഫയലിൽ ആരോഗ്യ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | | |
| (സി) | ബ്ലോക്ക് പഞ്ചായത്തിന്റെ സ്വന്തം ചെലവിൽ സ്റ്റാഫ് നിയമനം നടത്താൻ തയ്യാറാണ് എന്നിരിക്കെ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാവുമോ എന്ന് വ്യക്തമാക്കാമോ? | | |

Hari
സെക്ഷൻ ഓഫീസർ